പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2896

19.06.2014 ൽ മറുപടിക്ക്

## പാചകവാതക മേഖലയിലെ പരാതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. റ്റി. ബൽറാം:<br>,, അൻവർ സാദത്ത്:<br>,, സണ്ണി ജോസഫ്:<br>,, ഹൈബി ഈഡൻ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പാചകവാതക മേഖലയിലെ പരാതികൾ സ്വീകരിക്കുവാനും പരിഹാരം കാണുവാനും എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത് ; വിശദമാക്കുമോ ;<br><br>(ബി) പരാതികളിന്മേൽ നിശ്ചിത സമയത്തിനുള്ളിൽ പരിഹാരം കാണുവാനുള്ള നടപടികൾ സ്വീകരിക്കുമോ ; | (എ) & (ബി) ഗ്യാസ് സിലിണ്ടറുകളുടെ വിതരണത്തെ സംബന്ധിച്ചും, ഗ്യാസ് ഏജൻസി അധികാരികളുടെ ഉപഭോക്താക്കളോടുള്ള സമീപനത്തെക്കുറിച്ചും ലഭിക്കുന്ന പരാതികൾ അന്വേഷിച്ച് നടപടി കൈക്കൊള്ളുവാനും പരാതിക്കാരന് മറുപടി നല്കുവാനും നിർദ്ദേശിച്ചുകൊണ്ട് അതാത് ജില്ലാ സപ്ലൈ ആഫീസർമാർക്കും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർക്കും നല്കുകയാണ് ചെയ്യുന്നത്. ഇതു കൂടാതെ ജില്ലാ സപ്ലൈ ആഫീസ് തലത്തിലും, താലൂക്ക് സപ്ലൈ ആഫീസ് തലത്തിലും, ഓൺലൈൻ മുഖേനയും, ഫോൺ മുഖേനയും നേരിട്ടും ഉപഭോക്താവിന്റെ പരാതികൾ സ്വീകരിക്കുന്നുണ്ട്. പരാതികൾ ലഭിച്ചാൽ അതാത് ഗ്യാസ് ഏജൻസിയുമായി ബന്ധപ്പെട്ട് പരിഹരിക്കാൻ കഴിയുന്നവ അപ്പപ്പോൾ പരിഹരിക്കുകയും വിശദമായ അന്വേഷണം വേണ്ടിവരുന്ന പരാതികളിൽ അന്വേഷണം നടത്തി ഓയിൽ കമ്പനി തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണെങ്കിൽ, നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്ത് നല്കാറുണ്ട്. കൂടാതെ ഗ്യാസ് ഏജൻസിതലത്തിൽ ഏജൻസി സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് /മുനിസിപ്പാലിറ്റികളിൽ രൂപീകരിച്ചിട്ടുള്ള സോഷ്യൽ |

മോണിറ്ററിംഗ് സമിതികൾ 2 മാസത്തിലൊരിക്കൽ യോഗം ചേർന്നും, ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ തലത്തിൽ ഗ്യാസ് ഏജൻസി ഉടമകൾ, താലൂക്ക് സപ്ലൈ ആഫീസർമാർ, ഓയിൽ കമ്പനി സെയിൽസ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിച്ചു ചേർത്തും ഉപഭോക്താക്കളുടെ പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കാണാൻ ശ്രമിക്കുന്നുണ്ട്.

(സ്) ഇതിനായി ജില്ലാതലത്തിൽ ക്യാമ്പ് സിറ്റിംഗ് നടത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ നൽകുമോ;

(സി) പാചക വാതക മേഖലയിലെ അപാകതകൾ പരിഹരിക്കുന്നതിന് ജില്ലകളിലെ ഗ്യാസ് ഏജൻസി ഉടമസ്ഥർ, എണ്ണക്കമ്പനി പ്രതിനിധികൾ. ഉപഭോക്താക്കൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ മൂന്നുമാസം കൂടുമ്പോൾ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിച്ച് വരുന്നുണ്ട്.

(ഡി) പാചകവാതക മേഖലയുടെ പ്രവർത്തനം മോണിറ്റർ ചെയ്യാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ?

(ഡി) പാചകവാതക മേഖലയുടെ പ്രവർത്തനം മോണിറ്റർ ചെയ്യാൻ ഗ്യാസ് ഏജൻസി സ്ഥിതിചെയ്യുന്ന പഞ്ചായത്തിലെ പ്രസിഡന്റ് ചെയർമാനായി ഒരു സോഷ്യൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ സോഷ്യൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും നടപടികൾ കൊക്കൊണ്ടുവരുകയും ചെയ്യുന്നു. സമിതികൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ അടിയന്തരമായി സമിതികൾ രൂപീകരിക്കുന്നതിനും നിശ്ചിത സമയത്തിനുള്ളിൽ തന്നെ യോഗംചേർന്ന് സമിതികളുടെ പ്രവർത്തനം വിലയിരുത്തിക്കൊണ്ടുള്ള റിപ്പോർട്ട് അയച്ചുതരുവാനും നിർദ്ദേശം നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ